# weekly Devotion- January 2018

## **Strong Bulls of Bashan** (ബാശാൻ കൂറ്റന്മാർ




1912ൽ പണിത സുന്ദരവും ആഡംബര പൂർണ്ണവുമായ ടൈറ്റാനിക്ക് എന്ന കപ്പലിന്റെ കന്നി യാത്രയിൽ ഉണ്ടായ തകർച്ച ജനം അന്ന് ഭയത്തോടയാണ് വീക്ഷിച്ചത്. തകരാത്ത പുറംചട്ട രണ്ട് പാളികളായി പുതിയ എഞ്ചിനീയറിംഗ് വിദ്യയോടെയാണ് ടൈറ്റാനിക് കപ്പൽ നീരിൽ ഇറക്കിയത്. പ്രപഞ്ചശക്തികൾക്ക് ഈ കപ്പലിനെ തകർക്കുവാൻ കഴിയുകയില്ല എന്ന ആത്മവിശ്വാസത്തോടെ കപ്പൽ യാത്ര തിരിച്ചു. ഉല്ലാസത്തോടെ സകലതിനെയും സകലത്തെയും കീഴടക്കി എന്ന ചിന്തയോടെ യാത്ര തുടർന്ന കപ്പൽ ഏപ്രിൽ 14ന് അർദ്ധരാത്രിയിൽ പ്രപഞ്ച സൃഷ്ടാവയച്ച പടുകൂറ്റൻ മഞ്ഞുമലയുടെ ഇടിയുടെ ആഘാതത്തിൽ തകർന്നു. ക്യാപ്റ്റന് മുന്നറിയിപ്പ് ലഭിച്ചിട്ടും ഒരു ശക്തിക്കും തന്റെ കപ്പലിനെ ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന നിഗളം മൂലം നിർദ്ദേശം അവഗണിക്കുകയാണ് ചെയ്തത്. മനുഷ്യരുടെ ചീത്ത അഹങ്കാരം, നിഗളം ഇവ അനിവാര്യമായ ദുരന്തത്തെ സ്വീകരിച്ചു.

നിഗളത്തിന്റെ പ്രതീകമായി വചനത്തിൽ രേഖപ്പെടുത്തുന്ന വാക്കാണ് ബാശാനിലെ കാളകളും പശുക്കളും എന്ന നാമം. നിഗളം കൊണ്ട് മതിമറന്ന് ഉല്ലാസ

ത്തിന്റെ പൊതുമേഖലകൾ തേടുന്ന ജനതയെ ബാശാന്യ പശുക്കളോടാണ് ആമോസ് പ്രവാചകൻ ഉപമിച്ചിരിക്കുന്നത്. യോർദ്ദാൻ നദിയ്ക്കും തിബര്യാസ് കടലിനും കിഴക്കായി ബാശാൻ ദേശം സ്ഥിതി ചെയ്യുന്നു. യിസ്യായേലിന്റെ എതിരാളിയായ ഓഗിന്റെ ദേശമാണിത്. ഇത് പർവ്വതങ്ങൾക്കും (സങ്കീ: 68:15), സിംഹങ്ങൾക്കും (ആവ: 33:22) കരുവേലകവൃക്ഷത്തിനും (സെഖ: 11:2) കാളകൾക്കും(യെഹ: 39:18) പ്രസിദ്ധമാണ്. ക്രൂരതയ്ക്ക് ഉദാഹരണങ്ങളാണ് ഇവിടുത്തെ കാളകളും പശുക്കളും, ബാശാൻ എന്ന വാക്കിന് ഇളകിയ മണ്ണ് അഥവാ കട്ടിയില്ലാത്ത മണ്ണ് എന്നർത്ഥമുണ്ട്. ഇവിടെ വളരുന്ന പുല്ല് പോഷകഗുണം ഉള്ളതാകയാൽ അത് ഭക്ഷിക്കുന്ന മൃഗങ്ങൾ കൊഴുത്ത് തടിക്കുന്നു. അതുപോലെ ഈ ദേശത്തെ മനുഷ്യരും ദുഷ്ടരും ക്രൂരരും നിഗളികളുമാണ്.

സങ്കീ;(22;12) ൽ തന്നെ ക്രൂശിക്കുവാൻ കാരണം കണ്ടെത്തിയ യഹൂദന്മാരെപ്പറ്റി ക്രിസ്തു പറയുന്നത് ബാശാൻ കുറ്റന്മാർ എന്നെ വളഞ്ഞു എന്നാണ്. ക്രിസ്തു ആകുന്ന കുഞ്ഞാടിനെതിരെ ആണ് ദുഷ്ടമൃഗങ്ങൾ അണിനിരന്നത്.

നിഗളവും അഹങ്കാരവും ഉണ്ടാകുമ്പോൾ അനുസരണക്കേടിലകപ്പെടും എന്നതിന് ഉദാഹരണമാണ് ശൗലിന്റെ ജീവിതം. വലിയ ദൗത്യത്തിനായി അഭിഷേകം ചെയ്ത് അയച്ചവന്റെ സ്വഭാവവൈകല്യം ദൈവം അവനെ തള്ളിക്കളയുവാൻ, അവന്റെ രാജസ്ഥാനം തന്നെ നഷ്ടമാകുവാൻ കാരണമായി.(1 ശമു: 9:6-15) (1ശമു 15:17-21)

ബാശാനിലെ വളക്കുറുള്ള മണ്ണുപോലെ നിഗളികളെയും, ദ്രവ്യാഗ്യഹികളെയും, സ്വയചിന്ത ഉള്ളവരെയും വളർത്തുന്ന സാഹചര്യമാണ് ഇത് നമുക്കു ചുറ്റും. തനിക്കുമാത്രം എന്നചിന്ത, മറ്റുള്ളവരുടെ മുന്നറിയിപ്പുകൾ (വചനത്തിൽ നിന്നും) അവഗണിക്കുവാൻ കാരണമാക്കുന്നു, കായീൻ ദൈവം നൽകിയ മുന്നറിയിപ്പ് അവഗണിച്ചത് ഓർക്കുക ( ഉല്പ: 4;4-5) ഇളകിയ മണ്ണിൽ ജീവിക്കുന്ന നാം തിന്മയുടെ വിഷവേരുകൾ പടർന്ന് ബാശാൻ കൂറ്റന്മാരാകാതെ സൂക്ഷിക്കണം.

ദൈവകൃപയിലാശ്രയിച്ച് പാപങ്ങളെ ഏറ്റുപറയുമ്പേൾ നാം ക്രൂശിന്റെ ചുവട്ടിലെത്തും read (സങ്കീ 51:4,11) പണക്കൊഴുപ്പും സ്ഥാനമാനത്തോടുള്ള മോഹവും

ഉപേക്ഷിച്ചാൽ ബാശാൻ കുറ്റന്മാരുടെ സ്വഭാവം നമ്മിലും ഇല്ലാതാകുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട താഴ്മയുള്ള മക്കളായി അനുഗ്രഹിക്കപ്പെട്ട പുതുവർഷം സ്വീകരിച്ച് മുൻപോട്ട് പോകുവാൻ ദൈവം സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind